കേരള സർക്കാർ

*തൊഴിലും പുനരധിവാസവും (ഇ ) വകുപ്പ്*

വിജ്ഞാപനം

ജി.ഒ(എം.എസ്)134/2010/തൊഴിൽ തിരുവനന്തപുരം, 2010 നവംബർ 6

എസ്.ആർ.ഒ. നമ്പർ. 1017 /2010.- 1948 - ലെ മിനിമം വേജസ് ആക്റ്റിലെ (1948 ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1) -ാം ഉപവകുപ്പ് (ബി) ഖണ്ഡവും പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (2) -ാം ഉപവകുപ്പുമായി കൂട്ടി വായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടു 2000 ഒക്ടോബർ 24-ാം തീയതിയിലെ 1915-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ.ഒ നമ്പർ 1001/2000 ആയി പ്രസിദ്ധീകരിച്ച 2000 ഒക്ടോബർ 20-ാം തീയതിയിലെ ജി.ഒ.(ആർ.റ്റി) നമ്പർ 3617/2000/തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചു കൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം 2010 ഏപ്രിൽ 24-ാം തീയതിയിലെ 998-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010 ഏപ്രിൽ 19-ാം തീയതിയിലെ 17648/ഇ1/2008/തൊഴിൽ നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൻമേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, മിനിമം വേജസ് ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷവും കേരള സംസ്ഥാനത്തെ ബീഡി ഉൽപ്പാദന വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിക്കുന്ന പ്രകാരം കേരള സർക്കാർ ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

പട്ടിക

| | |
|---|---|
| **1. പീസ് റേറ്റ്** | നിശ്ചയിക്കുന്ന വേതനം |
| 1) ബീഡി തെറുപ്പ് 1000 ബീഡിക്ക് | 100 രൂപ |
| 2) ബീഡി ലേബ്ളിംഗും പാക്കിംഗും | |
| (എ)സിങ്കിൾ ലേബ്ളിംഗ് | |
| (1) 100 പായ്ക്കിംഗ് | 105 രൂപ |
| (2) 100 പായ്ക്കിംഗിനു മേൽ ഓരോ പായ്ക്കിനും | 30 പൈസ വീതം |
| (ബി)ഡബിൾ ലേബ്ളിംഗ് | |
| (1) 100 പായ്ക്കിംഗ് | 110 രൂപ |
| (2) 100 പായ്ക്കിംഗിനു മേൽ ഓരോ പായ്ക്കിനും | 40 പൈസ വീതം |

കുറിപ്പ്:- ഒരു പായ്ക്ക് എന്നത് 20 കെട്ട് ബീഡികൾ അടങ്ങിയതാണ്. 20 കെട്ടുകളിൽ അധികമുള്ള പായ്ക്കുകളാണെങ്കിൽ അധികമുള്ള ഓരോ 10 കെട്ടുകൾക്കും 15 പൈസ വീതം അധികം വേതനം കൊടുക്കേണ്ടതാണ്.

**2. ദിവസവേതനം:**

| | |
|---|---|
| (1) ബ്ളെന്റിംഗ് (പുകയില പൊടിയ്ക്കൽ, ഉണക്കൽ, അരിക്കൽ, കൂട്ടിക്കലർത്തൽ എന്നീ ജോലികൾ) | 116 രൂപ |
| (2) ബീഡി ചായ്ക്കൽ (തട്ടിൽ ഒതുക്കൽ) | 115 രൂപ |
| (3) ബീഡി ഉണക്കൽ (കൂട്ടിൽ വെയ്ക്കൽ) | 115 രൂപ |
| (4) ബണ്ട്ലിംഗ് (ചാക്ക് ബണ്ട്ലിംഗ്) | 115 രൂപ |

**3. മാസ ശമ്പളക്കാർ:**

| | |
|---|---|
| (1) ഗ്രൂപ്പ് 1 | |
| (i) അക്കൗണ്ടന്റ്<br>(ii) കാഷ്യർ<br>(iii) സ്റ്റോർ കീപ്പർ<br>(iv) ഫോർമാൻ | 4200 രൂപ |
| (2) ഗ്രൂപ്പ് 2(എ) | |
| (i) ചെക്കർ<br>(ii) മേസ്തിരി<br>(iii) ക്ലാർക്ക്<br>(iv) ഡ്രൈവർ | 4000 രൂപ |
| (3) ഗ്രൂപ്പ് 2(ബി) | |
| (i) സ്റ്റെനോ ടൈപ്പിസ്റ്റ് | 4070 രൂപ |
| (4) ഗ്രൂപ്പ് 3 | |
| (i) ജനറൽ വർക്കർ<br>(ii) പ്യൂൺ<br>(iii) അറ്റന്റർ<br>(iv) വാച്ച് മേൻ/സെക്യൂരിറ്റി ജോലിക്കാരൻ<br>(v) ക്ലീനർ | 3800 രൂപ |

**4. ക്ഷാമബത്ത.-** പട്ടികയിൽ നിശ്ചയിച്ച പീസ് റേറ്റിനും ദിവസവേതനത്തിനും മാസശമ്പളത്തിനും പുറമേ സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനും വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1970=100 എന്ന സൂചികയിലെ 1400 പോയിന്റിന് മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പീസ് റേറ്റുകാർക്കും ദിവസവേതനക്കാർക്കും 7 പൈസ വീതവും മാസശമ്പളക്കാർക്ക് 1400 പോയിന്റിന് മേൽ ഓരോ പോയിന്റിനും പ്രതിമാസം 2 രൂപ വീതവും അതാത് ജില്ലയിലെ തൊഴിലാളികൾക്ക്

ക്ഷാമബത്തയായി നൽകേണ്ടതാണ്. ഇത് എല്ലാ വർഷവും ഏപ്രിൽ 1 നും ഒക്ടോബർ 1 നും നൽകേണ്ടതാണ്. വയനാട്, ഇടുക്കി ജില്ലാ കേന്ദ്രങ്ങൾക്ക് വേണ്ടി ഉപഭോക്തൃവില സൂചിക പ്രസിദ്ധീകരിക്കുന്നില്ല എന്നതിനാൽ മേപ്പാടി കേന്ദ്രത്തിനു വേണ്ടി പ്രസിദ്ധീകരിക്കുന്ന സൂചികയുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലും മൂന്നാർ കേന്ദ്രത്തിന്റെ സൂചികയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലും ക്ഷാമബത്ത നൽകേണ്ടതാണ്.

(1) ബീഡി തെറുപ്പുകാർക്കുള്ള ക്ഷാമബത്ത കണക്കാക്കുന്നത്:-

ബീഡി തെറുപ്പുകാർക്ക് ക്ഷാമബത്ത നൽകുന്നതിന് ഒരു തൊഴിലാളിയുടെ ഒരു ദിവസത്തെ കുറഞ്ഞ ഉല്പാദനം 900 ബീഡി ആയിരിക്കണം. ഒരാഴ്ച്ചക്കാലത്തേക്ക് 6 ദിവസങ്ങളിൽ ഉള്ള ആകെ ഉല്പാദനം കണക്കാക്കി അതിൽ ഓരോ 900 ബീഡിക്കും ഓരോ ക്ഷാമബത്ത വീതം ഒരാഴ്ചയിൽ പരമാവധി 6 ദിവസത്തെ ക്ഷാമബത്തയ്ക്കും മാത്രമേ അർഹത ഉണ്ടാവുകയുള്ളൂ. പ്രവർത്തി ചെയ്ത ദിവസങ്ങൾക്കു മാത്രമേ ക്ഷാമബത്തക്ക് അർഹതയുണ്ടാവുകയുള്ളൂ.

(2) ലേബ്ളിംഗ്, പായ്ക്കിംഗ് തൊഴിലാളികളുടെ ക്ഷാമബത്ത കണക്കാക്കുന്നത്:-

ക്ഷാമബത്ത കണക്കാക്കുന്നതിനുള്ള ഒരു ദിവസത്തെ കുറഞ്ഞ ഉല്പാദനം;-

(i) സിംഗിൾ ലേബ്ളിംഗ് - 125 പായ്ക്ക്

(ii) ഡബിൾ ലേബ്ളിംഗ് - 100 പായ്ക്ക്

ഒരാഴ്ചത്തേയ്ക്ക് അതായത് 6 പ്രവൃത്തി ദിവസങ്ങളിലുള്ള മൊത്തം ഉല്പാദനം കണക്കാക്കി സിംഗിൾ ലേബ്ളിംഗ് ഓരോ 125 പായ്ക്കിനും ഓരോ ക്ഷാമബത്ത വീതവും ഡബിൾ ലേബ്ളിംഗ് ഓരോ 100 പായ്ക്കിനും ഓരോ ക്ഷാമബത്ത വീതവും നൽകേണ്ടതാണ്. ഒരാഴ്ചക്കാലത്തേയ്ക്ക് അതായത് 6 പ്രവൃത്തി ദിവസത്തേയ്ക്ക് ഏറ്റവും കൂടിയത് 6 ദിവസത്തെ ക്ഷാമബത്ത മാത്രമേ ലഭിക്കുകയുള്ളൂ. പ്രവൃത്തി ചെയ്ത ദിവസങ്ങൾക്കു മാത്രമേ ക്ഷാമബത്തയ്ക്ക് അർഹതയുള്ളൂ.

5. ഗ്യാരന്റീഡ് മിനിമം വേജസ്സ്.- ബീഡി വ്യവസായത്തിൽ ജോലി ചെയ്യുന്ന പീസ് റേറ്റ് തൊഴിലാളികൾക്ക് ഗ്യാരന്റീഡ് മിനിമം വേതനമായി ഒരു ദിവസം 60 രൂപ വീതം നൽകേണ്ടതാണ്.

6. ഉയർന്ന വേതനത്തിന് സംരക്ഷണം.- ഈ പട്ടികയിൽ നിശ്ചയിച്ചിരിക്കുന്ന മിനിമം വേതനത്തിൽ കൂടുതൽ ഏതെങ്കിലും പ്രദേശത്തിൽ/ഏതെങ്കിലും സ്ഥാപനത്തിൽ തൊഴിലാളികൾക്ക് നിലവിൽ നല്കി വരുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനത്തിന് തൊഴിലാളികൾക്ക് തുടർന്നും അർഹത ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ. ബി. വത്സല കുമാരി

ഗവൺമെന്റ് സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ ബീഡി-സിഗാർ ഉല്പാദന വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിരക്കുകൾ 2000 ഒക്ടോബർ 20-ാം തീയതിയിലെ ജി.ഒ(ആർ.ടി)3617/2000/തൊഴിൽ എന്ന നമ്പർ വിജ്ഞാപനപ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. 1948-ലെ മിനിമം വേജസ് ആക്റ്റ് 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡിക പ്രകാരം പ്രസ്തുത മേഖലയിലെ കുറഞ്ഞക്കൂലി നിരക്കുകൾ വീണ്ടും പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.